PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY
FIRST SESSION
Tuesday, *the 4th April 1950*

VOL. I] OFFICIAL REPORT [No. 23

The Assembly met in the Legislative Chamber, Trivandrum, at 11 of the clock, on Tuesday, the 4th April 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the lists of admitted question for the day.)

(a) Oral Answers

BUSES IN THE NAGARCOIL LINE

*928. [1] **Sri. D. Gnanasigamony:** Will the Hon'ble Minister for Public Works, Communications and Agriculture be pleased to state.—

(*a*) the number of new buses put in service since November 1949; and

(*b*) whether there is a direction from Government not to put new buses on the Trivandrum-Nagercoil line ?

Minister for Public Works, Communications and Agriculture **[Sri. E. John Philipose]:**

(*a*) 30.

(*b*) Certainly not.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ മുപ്പതു ബസ്സുകൾമാത്രം ഇട്ടതു കൂടുതൽ ബസ്സുകൾ ഇല്ലാത്തതുകൊണ്ടാണോ അതോ ഇതുമായി മതി എന്ന കരുതിയതുകൊണ്ടാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു മുപ്പതു ബസ്സുകൾ കൂടുതലായി ഇപ്പോൾ ഇട്ടിട്ടുണ്ടു്. ഇനിയും കൂടുതൽ ബസ്സുകൾ വരുത്തുന്നതുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പഴയ ബസ്സുകൾ മാറ്റിയിട്ടു പുതിയ ബസ്സുകൾ ഇടുന്നതായി വല്ല ആലോചനയുമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങിനെ എക്സ്പ്രെയിസ് നടത്തണമെന്നു് ഉദ്ദേശിക്കുന്നില്ല. ഇപ്പോഴത്തെ ഗവൺമെണ്ടനയം കഴിയുന്നിടത്തോളം ഒരേ ടൈപ്പിലുള്ള ബസ്സുകൾ ഇടണമെന്നതാണു്. തിരുവനന്തപുരത്തു എല്ലാ രീതിയിലുള്ള ബസ്സുകളുമുണ്ടു്. അതു സെൻട്രൽ ഡിപ്പോ ആയതുകൊണ്ടാണു്. പിന്നീടു് പ്രോഗ്രസീവായിട്ടു..... all types of buses will be concentrated in each garage. എന്നാൽ മാത്രമെ സ്പെയർ പാർട്ടുസിന്റെ കാര്യവും മറ്റും സുഗമമായിരിക്കയുള്ളു.

PERUNCHANI SCHEME

*929. [2] **Sri. N. D. Jose:** Will the Hon'ble Minister for Public Works be pleased to state when the Perunchani scheme will be completed ?

Sri. E. John Philipose: This scheme is expected to be brought into partial operation in 1952, and is expected to be completed in 1952.

പന്തളം—ആറന്മുള റോഡു്

*൯൫ ൦. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പന്തളം—ആറന്മുള റോഡു് ഗതാഗതയോഗ്യമല്ലാതെ ശോചനീയമായ നിലയിൽ കിടക്കുന്നതെന്ന ഗവൺമെണ്ടിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡ് ഇപ്പോൾ വീതി കൂട്ടിയും വളവുകൾ തീർത്തും പണി തുടങ്ങിയിട്ട് എത്ര നാളായിയെന്ന ഗവൺമെണ്ടിനറിയാമോ; പണി തുടങ്ങിയതിനുശേഷം പണി നിർത്തിവച്ചിട്ടുണ്ടോ?

(സി) ആ റോഡു പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേസ്റ്റ് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ഡി) എന്നത്തേക്കു പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) അറിയാം.

(ബി) ഒന്നരകൊല്ലമായി. പണി മുടക്കിയിട്ടില്ല.

(സി) ഏകദേശം 3 ലക്ഷം രൂപ.

(ഡി) ബഡ്ജറ്റു പ്രൊവിഷനെ ആശ്രയിച്ചിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ എത്രമാത്രം പണി തീർന്നിട്ടുണ്ടെന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: ഇപ്പോൾ ഒന്നുമുതൽ മൂന്നുവരെ മൈലിലെ വേലയും നാലാം മൈലിലെ മെറ്റൽ വേലയും പൂർത്തിയായിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ റോഡ് ഗവൺമെണ്ട് ഏറ്റെടുത്തിട്ട് എത്ര നാളായി?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: അവിടെ പണി തുടങ്ങിയിട്ട് ഒന്നര കൊല്ലമായി

5 ഏക്കറിൽ കൂടുതൽ കൃഷിക്കുപയുക്തമായ ഭൂമിയുള്ളവർ

*1174. ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് 5 ഏക്കറിൽ കൂടുതൽ കൃഷിക്കുപയുക്തമായ ഭൂമിയുള്ളവരുടെ സംഖ്യ എത്രയെന്നും അവർ എത്ര ഏക്കർ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്നുവെന്നും ദയവായി പറയുമോ;

(ബി) അപ്രകാരം 5 ഏക്കറിൽ കൂടുതൽ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നും, കൂടുതൽ വരുന്ന സ്ഥലം ഗവൺമെണ്ട് എടുത്തു ഭൂമിയില്ലാത്തവർക്കു കൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവൺമെണ്ട് ആലോചിക്കുമോ;

(സി) ഭൂവുടമയെ സംബന്ധിച്ചും, ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചും ഗവൺമെണ്ടിനുള്ള നയം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ഗവൺമെണ്ട് രേഖപ്പെടുത്തിവച്ചുകൊണ്ടിരിക്കുന്നു.

(ബി) ഒരാൾ കൈവശംവച്ചുകൊണ്ടിരിക്കേണ്ട ഭൂമിയുടെ പരിധി എത്ര എന്ന് നിശ്ചയപ്പെടുത്തിയിട്ടില്ല. അതു ലാൻഡ് കമ്മിറ്റിയുടെ പര്യാലോചനയ്ക്കു വിധേയമാക്കുന്നതാണ്. ലാൻഡ്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഗവൺമെണ്ട് ഇതിനെക്കുറിച്ച് പര്യാലോചിക്കുന്നതാണ്.

(സി) തിരുവിതാംകൂറിലും കൊച്ചിയിലും സാധാരണയായി ഭൂമി ഇപ്പോൾകുത്തകപാട്ടമായിട്ടാണ് കൊടുത്തുവരുന്നതു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഭാവിനയത്തെപ്പറ്റി ആലോചിക്കുന്നതിനു ലാൻഡ്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷമേ സാധിക്കയുള്ളു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ലാൻഡ്കമ്മറ്റിയുടെ റിപ്പോർട്ട് എത്രനാളിനകം കിട്ടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നതു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ക്ലിപ്തകാലാവധിക്കകം റിപ്പോർട്ട് നൽകണമെന്നു നിർദ്ദേശിച്ചിട്ടില്ല. എന്നാൽ കഴിയുന്നതും വേഗത്തിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതു.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഇപ്പോൾ കുത്തകപ്പാട്ടം കൊടുക്കുന്നതിന്റെ ഏറ്റവും കുടിയ കാലാവധി എന്താണ്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: 5 0 കൊല്ലത്തേക്കുവരെ ഇപ്പോൾ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: ഭൂമി പതിച്ചുകൊടുക്കുന്ന രീതി നിർത്തലാക്കിയിട്ട് ഇപ്പോൾ എത്ര നാളായെന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly